## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 989** — **12.12.2012-ൽ മറുപടിയ്ക്ക്**

## യുവജനനയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.റ്റി.ബൽറാം | കുമാരി.പി.കെ.ജയലക്ഷ്മി<br>(ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) യുവജന നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;<br>(ബി) യുവജനങ്ങളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) ഉണ്ട്. കരടിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. യുവജനനയം അനുബന്ധമായി ചേർത്തിട്ടുണ്ട്. യുവജനങ്ങളുടെ ക്ഷേമത്തിനുള്ള കാര്യങ്ങൾ നയത്തിൽ വിശദമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത നയം നടപ്പാക്കുന്നതിനുമുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നകാര്യം പരിഗണിക്കുമോ ? | (സി) ജില്ല-സംസ്ഥാന തലങ്ങളിൽ സംഘടിപ്പിച്ച 16 ശിൽപശാലകളിൽ യുവജന സംഘടനാ പ്രതിനിധികളുമായും എം.എൽ.എ-മാരുമായും യുവജനനയം സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. അതിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളിച്ച് കരട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, പകർപ്പ് ബന്ധപ്പെട്ടവർക്ക് അഭിപ്രായ രൂപീകരണാർത്ഥം നൽകുകയും ചെയ്തു. ഈ ഘട്ടത്തിൽ ലഭിച്ച അഭിപ്രായങ്ങളും ഭേദഗതികളും കണക്കിലെടുത്ത് കില തയ്യാറാക്കിയ അന്തിമകരടിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത നയം നടപ്പാക്കുന്നതിനുമുമ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ